(സി) ഇല്ലെങ്കിൽ സജീവ പരിഗണന നൽകി പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) കേന്ദ്ര ഗവൺമെന്റ് പ്രാവർത്തികമാക്കിവരുന്ന പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലമായിട്ടാണ് വില തകർച്ച സംഭവിച്ചിട്ടുള്ളത്.

(ബി) റബ്ബറിന്റെ വിലയിടിവു തടയുന്നതിൽ കമ്പോളവിലയേക്കാൾ കിലോഗ്രാമിന് 50 പൈസ അധികം നൽകി റബ്ബർ സംഭരിക്കുന്ന സംഭരണ ഏജൻസികൾക്ക് കൈകാര്യ ചെലവായി 50 പൈസയും നൽകുന്നു. റബ്ബറും ലാറ്റക്സും കയറ്റുമതി ചെയ്യുമ്പോഴുണ്ടാകുന്ന നഷ്ടം സർക്കാർ വഹിക്കുന്നു. എസ്.ടി.സി. വാങ്ങുന്ന റബ്ബറിനെ വാങ്ങൽ നികുതിയിൽ നിന്നും ഒഴിവാക്കുന്നതാണ്. 2000-ൽ വിളവെടുപ്പുകാലത്ത് കിന്റലിന് 3250 രൂപ താങ്ങുവില പ്രകാരം 80,000 മെട്രിക് ടൺ കൊപ്ര സംഭരിച്ചു. 2001-ൽ 4600 രൂപ താങ്ങുവില പ്രഖ്യാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സജീവ പരിഗണന നൽകി ആവശ്യമായ പരിപാടികൾ ഇപ്പോൾ തന്നെ നടപ്പിലാക്കുന്നുണ്ട്.

റബ്ബറും കയറും കാർഷികോൽപന്നങ്ങളാക്കണമെന്ന ആവശ്യം

21 (*81) ശ്രീ. കെ. പി. വിശ്വനാഥൻ :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബറും കയറും കാർഷികോൽപന്നങ്ങളാക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ബി) റബ്ബറിന്റെയും നാളികേരത്തിന്റെയും വിലയിടിവിന് മറ്റെന്തെല്ലാം പരിഹാര നടപടി സ്വീകരിക്കണമെന്നാണ് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) നാളികേരകൃഷിയുടെ സമഗ്രവികസനത്തിലൂടെ കർഷകന്റെ ആദായം വർദ്ധിപ്പിക്കുന്നതിന് 896.39 കോടി രൂപയുടെ കോക്കനട്ട് ടെക്നോളജിമിഷൻ എന്ന പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവില ഉയർത്തണമെന്നും എസ്.ടി.സി. മുഖേന റബ്ബർ കയറ്റി അയയ്ക്കണമെന്നും നാളികേരം, അടയ്ക്ക, കാപ്പി എന്നിവയ്ക്ക് താങ്ങുവില ഏർപ്പെടുത്തണമെന്നും ഭക്ഷ്യഎണ്ണകളുടെ ഇറക്കുമതി തീരുവ 300 ശതമാനമായി വർദ്ധിപ്പിക്കണമെന്നും പിണ്ണാക്ക്, തവിട് തുടങ്ങിയ എണ്ണ കലർന്ന പദാർത്ഥങ്ങളുടെ ഇറക്കുമതി

LIBRARY ARCHIVES Kerala Legislative Assembly

പൂർണ്ണമായി തടയണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കേരള സർക്കാർ വിവിധ ഏജൻസികൾ വഴി കയറ്റുമതി ചെയ്യാനുദ്ദേശിക്കുന്ന 25000 ടൺ ഷീറ്റ്, 25000 ടൺ ക്രമ്പ്, 25,000 ടൺ ലാറ്റക്സ് എന്നിവയ്ക്ക് കിലോ ഗ്രാമിന് 8 രൂപ നിരക്കിൽ സബ്സിഡി നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. 2001 സീസണിൽ കൊപ്രയ്ക്ക് ക്വിന്റലിന് 4600 രൂപയായി പ്രഖ്യാപിക്കണമെന്നും കേന്ദ്രം പ്രഖ്യാപിക്കുന്ന താങ്ങുവിലയ്ക്ക് കർഷകരിൽനിന്നും നാഫെഡ് വഴി പച്ചത്തേങ്ങ ശേഖരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

തദ്ദേശ സ്ഥാപനങ്ങൾക്ക് കൈവന്ന വിദ്യാഭ്യാസ രംഗത്തെ വർദ്ധിച്ച ചുമതലകൾ

22 (*82) ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ അധികാരവികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശ സ്ഥാപനങ്ങൾക്ക് കൈവന്ന വിദ്യാഭ്യാസ രംഗത്തെ വർദ്ധിച്ച ചുമതലകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവ വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കേണ്ട കാര്യങ്ങൾ എന്തെല്ലാം എന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയ്ക്ക് കൈവന്ന വിദ്യാഭ്യാസ ചുമതലകൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ചുമതലകൾ നിറവേറ്റാൻ തദ്ദേശഭരണസ്ഥാപനങ്ങളെ സജ്ജമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖല ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചു വരുന്നുണ്ടോ ; എങ്കിൽ എന്തെല്ലാം ;

(എഫ്) വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾക്കുള്ള പരിഹാരത്തിന് തദ്ദേശഭരണ സമിതികളെ സഹായിക്കാൻ ജനകീയ വിദ്യാഭ്യാസ സമിതികൾക്ക് രൂപം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ജി) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിദ്യാഭ്യാസ ചുമതലകൾ നൽകിയിട്ടുണ്ടോ ;

(എച്ച്) വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ബ്ലോക്ക് പഞ്ചായത്തുകളുടെ സഹായം ലഭ്യമാക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly